ശ്രീ. കെ. കെ. വിശ്വനാഥൻ : കൊച്ചി തുറമുഖത്തു ഫോർട്ടുകൊച്ചി—വൈപ്പിൻകരയിലേക്കു് എൽ. സി. എം. സ്വീസു നടത്തുന്നതിനു എന്തെങ്കിലും തക്കം നിലവിലുണ്ടോ ; അവിടത്തെ മുൻസിപ്പാലിറ്റിക്കു വേണ്ട സഹായധനം ചെയ്യുകയാണെങ്കിൽ മുൻസിപ്പാലിറ്റി സ്വീസു നടത്താൻ തയ്യാറാണു്. അതിനുവേണ്ടി ഗവണ്മെൻറു് പരിശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അവിടെ സ്വീസു ഇപ്പോഴും മുൻസിപ്പാലിറ്റിയാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. അവിടെ എൽ. സി. എം. എർപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുകയാണെങ്കിൽ വല്ല ധനസഹായവും ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം മുൻസിപ്പൽകൗൺസിൽ ആവശ്യപ്പെടുമ്പോൾ ഗവണ്മെൻറു ആലോചിക്കുന്നതാണു്.

റവന്യൂബോർഡു്

* 846. [11] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയായിട്ടാണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം : ഇന്നുള്ള റവന്യൂബോർഡിൽ റവന്യൂബോർഡു് മെമ്പറന്മാരല്ലാതായിട്ടുള്ള സ്ഥിരമായ ജോലി വല്ലതും ചെയ്യുന്ന മറ്റു വല്ല മെമ്പറന്മാരുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : സ്ഥിരമായി എന്നു പറഞ്ഞുകൂടാ. അല്ലാതെ രണ്ടു മെമ്പറന്മാരുണ്ടു്. ഒന്നു് മി. സി. തോമസു്, സ്പെഷ്യൽ സെക്രട്ടറി, ഫിനാൻസു് ഡിപ്പാർട്ടുമെൻറു്. മറ്റൊന്നു് ശ്രീ. അബ്ദുൽസലാം. അദ്ദേഹം കേരള സ്റ്റേറ്റു് ഇൻഡസ്ട്രിയൽ ഡെവലപ്പുമെൻറു് കോർപ്പറേഷന്റെ മാനേജിംഗു് ഡയറക്ടറാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴും റവന്യൂബോർഡിൽ എത്ര മെമ്പറന്മാരുണ്ടു് ; അവരുടെ ജോലി എന്തൊക്കെയാണു് ?

ശ്രീ. ആർ. ശങ്കർ : റവന്യൂ ബോർഡിൽ മുമ്പുള്ളവരെപ്പോലെതന്നെ മൂന്നു മെമ്പറന്മാർ പ്രവൃത്തി എടുക്കുന്നുണ്ടു്. ഫസ്റ്റു് മെമ്പർ റവന്യൂ റെക്കാഡുകളും അതുപോലുള്ള വിഷയങ്ങളും, സെക്കൻറു് മെമ്പർ മറ്റു ചില ടാക്സുകളുടെ കാര്യമടക്കം, തേഡു് മെമ്പർ ഓസയിൽ ടാക്സു് മുതലായവ ഇങ്ങനെ മുമ്പു ചെയ്തിരുന്നതുപോലെയുള്ളവ തന്നെയാണു് ഇപ്പോഴും ചെയ്യുവരുന്നതു്. സീനിയോറിട്ടിക്രമം അനുസരിച്ചാണെങ്കിൽ ശ്രീ. സി. തോമസ്സിനാണു് കൊടുക്കേണ്ടതു്. അദ്ദേഹം ഇപ്പോൾ ഫൈനാൻസു് സെക്രട്ടറിയായി ഇരിക്കുകയാണു്. പ്ലാൻ സംബന്ധിച്ച ധാരാളജോലികളും ഇപ്പോഴുള്ളതുകൊണ്ടു് അദ്ദേഹത്തെ മാറ്റുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല എന്നു തോന്നി. അടുത്ത സീനിയോറിട്ടി അനുസരിച്ചു് അബ്ദുൽ സലാമിനെയാണു് വയ്ക്കേണ്ടതു്. അദ്ദേഹം ഇപ്പോൾ ഇതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു പ്രവർത്തനം, ഇൻഡസ്ട്രീസു് ഡെവലപ്പുമെൻറു് കാർപ്പറേഷന്റെ പ്രവർത്തനം, നടത്തിവരുന്നതുകൊണ്ടു് അദ്ദേഹത്തെയും അതിൽനിന്നു മാറ്റുന്നതു ശരിയല്ലെന്നു തോന്നിയതുകൊണ്ടു് അതിനടുത്ത ആളായ ശ്രീ. രാമൻകുട്ടിയെ വച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഹമീദാലി ഷംനാട് : കുറെക്കാലംകൊണ്ട് റവന്യൂബാഡ്ജുതന്നെ അനാവശ്യമാണെന്നും അതുകൊണ്ട് അതിനെ അബോളിഷ് ചെയ്യണമെന്നും ഉള്ള അഭിപ്രായങ്ങളും രാജ്യത്തു മുഴുവൻ നിലനിന്നു വന്നതുകൊണ്ട് ഗവണ്മെന്റ് ആ അഭിപ്രായം മാനിച്ച് അതുപോലെ ചെയ്യാൻ ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരഭിപ്രായം ഉള്ളതായിട്ട് അറിയാം. മറിച്ചുള്ള അഭിപ്രായവും ഉണ്ട്. രണ്ടിനെപ്പറ്റിയും ഗവണ്മെന്റ് ഗാഢമായി ആലോചിക്കുകയുണ്ടായി. ആലോചിച്ചശേഷം ഉടനെ എന്തെങ്കിലും മാറ്റം വരുത്തുന്നതു് ആവശ്യമില്ലെന്നു തീരുമാനമെടുത്തു.

ശ്രീ. എം. നാരായണക്കുറുപ്പ് : മൂന്നു സ്ഥിരം മെമ്പറന്മാരും രണ്ടു വേറെ ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്ന ആളുകളും ഉണ്ടെന്നു പറഞ്ഞു. ഇങ്ങനെയുള്ള അസ്ഥിരമെമ്പറന്മാരുടെ സംഖ്യ വർദ്ധിപ്പിക്കാനിടയുണ്ടോ ; എന്താണു് സാങ്കേതികമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം എന്നു വ്യക്തമാക്കുമോ ?

ശ്രീ. ആർ. ശങ്കർ : Next below rule എന്ന തത്വമുണ്ട്. അതനുസരിച്ചു ഒരാളെ മാത്രമേ ഈ പോസ്റ്റിൽ വയ്ക്കാൻ പാടുള്ളൂ. അതിലധികം വന്നാൽ പാടില്ലെന്നു റൂളുണ്ട്. അതുകൊണ്ടു് അബ്ദുൽസലാമിന്റെ പോസ്റ്റിൽമാത്രം അദ്ദേഹത്തിനു പകരമായി ശ്രീ. രാമൻകുട്ടിയെ വയ്ക്കുകയുണ്ടായി. ഇനി ഒന്നുകൂടി വയ്ക്കാൻ സാദ്ധ്യമല്ല.

Artificial Limb Centre

* 847. [12] **Shri K. C. Abraham** * : Will the Minister for Health be pleased to state :

whether there is an artificial limb centre for the benefit of the physically handicapped persons in the State ?

Minister for Public Health (**Shri M. P. Govindan Nair**) :

A scheme for starting an artificial limb centre in the Medical College, Trivandrum has been sanctioned by Government.

ശ്രീ. കെ. എം. ജോർജ്ജ് : ഇങ്ങനെ ജനനാലുള്ള അംഗവൈകല്യമുള്ള വർക്കു മാത്രമാണോ, അതോ അപകടങ്ങളും സംഭവിച്ച് കൈകാലുകളും നഷ്ടം സംഭവിക്കുന്നവർക്കുകൂടി ഗവണ്മെന്റിൽനിന്നു സഹായം കൊടുക്കുവാൻ മേലവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഇപ്പോൾ ഇവിടെ ഉണ്ടാകുന്നതിനു മുഴുവനും ഫ്രീയായിട്ട് ചെയ്യുന്നതിനു് സാദ്ധ്യമല്ല. ഹെൽത്തു് മിനിസ്റ്റേഴ്സ് ഫണ്ടിൽനിന്നും അപൂർവ്വമായി ചില ആളുകൾക്കു് സഹായം ചെയ്തുകൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നൂറനാട്ടെ ആശുപത്രിക്കു് വല്ല ബെനിഫിറ്റും കിട്ടാൻ സാദ്ധ്യതയുണ്ടോ, കാരണം കാലുപോയ ആളുകൾ അവിടെയുണ്ടു്. ആർട്ടിഫിഷ്യൽ കാൽ കിട്ടുകയാണെങ്കിൽ അവർക്കു് ജോലി ചെയ്യാൻ സാധിക്കുമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ആപ്ലിക്കേഷനുവേണ്ടിയുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് തീരുമാനം ചെയ്തിരിക്കുകയാണു്. കഴിയുന്നതുംവേഗം അതു് പൂർത്തിയാകും. നൂറനാട്ടു നിന്നു് അപേക്ഷ ഒന്നും കിട്ടിയിട്ടില്ലെന്നാണു് എന്റെ ഓർമ്മ. കൊരട്ടിയിൽനിന്നു ഒരു രോഗിയുടെ സൂക്കേടു പൂർത്തിയായി ആർട്ടിഫിഷ്യൽ കാൽ കിട്ടുകയാണെങ്കിൽ ഉപകാരമായി എന്നു് അറിയിച്ചിരുന്നു. അതു് അനുവദിച്ചു.

---

* Put by Shri K. M. George.

LIBRARY ARCHIVES Kerala Legislative Assembly